**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5473** | **03-11-2021 - ൽ മറുപടിയ്ക്ക്**

**ഇരവിപുരം മണ്ഡലത്തിൽ ആരോഗ്യമേഖലയിൽ നടപ്പിലാക്കിയ പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എം നൗഷാദ് | | Smt Veena George<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | മുൻസർക്കാരിന്റെ കാലത്ത് ഇരവിപുരം നിയോജകമണ്ഡലത്തിൽ ആരോഗ്യമേഖലയിൽ നടപ്പിലാക്കിയ പദ്ധതികൾ വിശദമാക്കാമോ; പ്രസ്തുത പദ്ധതികൾ പ്രകാരമുള്ള ഏതെല്ലാം പ്രവൃത്തികൾ പൂർത്തീകരിയ്ക്കുവാനുണ്ടെന്ന് വ്യക്തമാക്കാമോ? | (എ) | ഇരവിപുരം നിയോജകമണ്ഡലത്തിലെ ഇരവിപുരം പ്രാഥമികാരോഗ്യ കേന്ദ്രത്തെ ആർദ്രം ഒന്നാം ഘട്ടത്തിൽ കുടുംബാരോഗ്യ കേന്ദ്രമാക്കി ഉയർത്താൻ തിരഞ്ഞെടുക്കുകയും ദേശീയ ആരോഗ്യ ദൗത്യം മുഖേന 3,17,46,000/- രൂപ (മൂന്ന് കോടി പതിനേഴ് ലക്ഷത്തി നാൽപത്തി ആറായിരം രൂപ മാത്രം ) അനുവദിച്ച് പുതിയ കെട്ടിടം നിർമ്മിക്കുന്ന പ്രവർത്തി നടന്നു വരികയുമാണ്. കൂടാതെ ടി ആരോഗ്യ കേന്ദ്രത്തിൽ ഒരു അസിസ്റ്റന്റ് സർജൻ,രണ്ടു സ്റ്റാഫ് നഴ്സ്, ഒരു ലാബ് ടെക്നീഷ്യൻ എന്നീ തസ്തികകളും സൃഷ്ടിച്ചിട്ടുണ്ട്. ആർദ്രം രണ്ടാം ഘട്ടത്തിൽ മയ്യനാട്, പാലത്തറ എന്നീ സ്ഥാപനങ്ങളെ കുടുംബാരോഗ്യകേന്ദ്രങ്ങളാക്കി ഉയർത്താൻ തിരഞ്ഞെടുത്തിട്ടുണ്ട്. മയ്യനാട് കുടുംബാരോഗ്യ കേന്ദ്രത്തിന് 10,09,707/- (പത്ത് ലക്ഷത്തി ഒൻപതിനായിരത്തി എഴുന്നൂറ്റി ഏഴ് രൂപ മാത്രം ) രൂപയും പാലത്തറ കുടുംബാരോഗ്യകേന്ദ്രത്തിന് 16,13,583 രൂപയും ( പതിനാറ് ലക്ഷത്തി പതിമൂന്നായിരത്തി അഞ്ഞൂറ്റി എൺപത്തി മൂന്ന് രൂപ മാത്രം) ദേശീയ ആരോഗ്യ ദൗത്യം വഴി അനുവദിച്ചിട്ടുണ്ട്. നിലവിൽ ടി സ്ഥാപനങ്ങൾ ആർദ്രം പദ്ധതി വിഭാവനം ചെയ്യുന്ന രീതിയിൽ കുടുംബാരോഗ്യകേന്ദ്രങ്ങളായി പ്രവർത്തിച്ച് വരികയാണ്. ഇതിനു പുറമെ പാലത്തറ ആരോഗ്യ കേന്ദ്രത്തിന് നബാർഡ് പദ്ധതി പ്രകാരം 10 കോടി രൂപ അനുവദിക്കുകയും നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ